പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 03..12.2015 ൽ

ചോദ്യം നമ്പർ.1237 | മറുപടിയ്ക്ക്.

## റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം | ഉത്തരം

ശ്രീ.സി.കെ സദാശിവൻ | ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ നാലര വർഷത്തെ ഉപയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ; | (എ) | റിവർമാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ നാലര വർഷത്തെ ഉപയോഗം സംബന്ധിച്ച വിശദാംശങ്ങളും, ജില്ലാടിസ്ഥാനത്തിലുള്ള കണക്കും അനുബന്ധം 'A' യിൽ ചേർത്തിരിക്കുന്നു. |
| (ബി) | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാമാണ് ; പ്രസ്തുത ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; | (ബി) | 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിന് കീഴിൽ 2002-ൽ രൂപീകൃതമായ ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമാണ് റിവർമാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. കടവുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും നദീതീര വികസന പദ്ധതികൾക്കായുമായാണ് ടി |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നത്. പ്രസ്തുത ചട്ടത്തിലെ 2-ാം ഉപചട്ട പ്രകാരം മണൽ വിൽപനയിൽ നിന്നും ലഭിക്കുന്ന തുകയുടെ 50% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും അനുശാസിക്കുന്നു. ഇപ്രകാരം റിവർമാനേജ്മെന്റ് ഫണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്ന തുക (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകിയത് കഴിച്ചുള്ളത്) ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന് ചട്ടം അനുശാസിക്കുന്നു.<br>1 സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വരുന്ന തുകകൾ<br>2 നിയമത്തിന്റെ 29-ാം വകുപ്പനുസരിച്ച് സെസ്സ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള തുകകൾ<br>3 ജില്ലാ വിദഗ്ധ സമിതി- |

| | | | |
|---|---|---|---|
| | | | കളുടെയും സംസ്ഥാന ഉന്നതതല സമിതിയുടെയും യോഗനടപടികൾക്കും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടി വരുന്ന തുകകൾ.<br>4 റിവർമാനേജ്മെന്റ് ഫണ്ട് ആഡിറ്റ് ചെയ്യുന്നതിനുള്ള തുക.<br>5 അനുമതി ഇല്ലാത്ത കടവുകളിലെ മണൽ ഖനനം തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചിലവുകൾ<br>6 കടവുകളിൽ വാഹനം ഇറങ്ങാത്ത വിധം 100 മീറ്റർ അകലത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചിലവുകൾ<br>7 അനധികൃത മണൽ വാരൽ തടയുന്നതിനുള്ള പട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചിലവുകൾ<br>8 സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ളതോ ആയ കാര്യങ്ങളുടെ നടത്തിപ്പിനുള്ള ചിലവുകൾ |

| | | | |
|---|---|---|---|
| | | | 9 പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുനസ്ഥാപിക്കുന്നതിലേക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവർത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നല്കുന്ന ചിലവുകൾ.<br>10 ഒരു കടവിൽ നിന്ന് മണൽ കൊണ്ടു പോകുമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനുള്ള ചിലവുകൾ<br>11 9-ാം ഉപചട്ടത്തിന്റെ (എസ്) ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി ജീവനക്കാരെ ദിവസ വേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120/- രൂപാ വീതം നൽകുന്നതിനുള്ള ചിലവ്.<br>മേൽപ്പറഞ്ഞവയിലേയ്ക്കല്ലാതെ മറ്റ് ഇതര ചിലവുകളിലേയ്ക്ക് റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചിലവഴിക്കുമ്പോൾ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഫണ്ടിന്റെ ശേഷിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ ; | (സി) | പ്രസ്തുത ഫണ്ടിന്റെ ശേഷിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'A' യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | നദീതീരസംരക്ഷണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ടോ ; തുക വിനിയോഗിച്ചതു സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ; | (ഡി) | നദീതീരസംരക്ഷണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കു-ന്നുണ്ട്. തുക വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'A' യിൽ ചേർത്തിരിക്കുന്നു. |
| (ഇ) | നദീതീര സംരക്ഷണത്തിനുള്ള സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി യോഗം ചേരുന്നതിന്റെ ചെലവിലേക്കായി പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | | സ്റ്റേറ്റ് ഹൈലവൽ കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങൾ-ക്കുള്ള ടി.എ/ഡി.എ, സിറ്റിംഗ് ഫീസ് എന്നിവ റിവർമാനേ-ജ്മെന്റ് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- A

| ജില്ല | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ 4½ വർഷത്തെ വിനിയോഗം | ചോദ്യം സി 31.10.2015 വരെ ശേഷിക്കുന്ന തുക | ചോദ്യം ഡി നദീതട സംരക്ഷണ പദ്ധതികൾക്കായി ചെലവഴിച്ച തുക |
|---|---|---|---|
| തിരുവനന്തപുരം | 2,59,53,337/- | 6,90,26,828/- | 6,51,82,475/- |
| കൊല്ലം | 6,13,64,685/- | 30,56,84,992/- | 5,39,22,465/- |
| പത്തനംതിട്ട | 4,17,53,376/- | 2,76,71,434/- | 3,60,47,742/- |
| കോട്ടയം | 3,13,73,107/- | 1,54,34,724/- | 3,13,73,107/- |
| ഇടുക്കി | 92,82,893/- | 5,38,82,744/- | 39,28,253/- |
| ആലപ്പുഴ | 1,47,95,552/- | 57,24,013/- | 94,41,082/- |
| എറണാകുളം | 21,81,80,108/- | 22,70,40,471/- | 16,89,07,000/- |
| തൃശ്ശൂർ | 7,67,90,953/- | 22,71,47,930/- | 7,01,44,844/- |
| മലപ്പുറം | 34,50,79,570/- | 54,63,08,924/- | 5,66,00,000/- |
| കോഴിക്കോട് | 13,88,35,168 | 17,03,16,065/- | 17,03,16,065/- |
| വയനാട് | 43,48,294 | 2,29,93,686/- | ചിലവഴിച്ചിട്ടില്ല. |
| പാലക്കാട് | 4,34,33,001/- | 14,60,86,567/- | 3,55,06,410/- |
| കണ്ണൂർ | 11,7725,538 | 5,92,45,118 | 11,77,25,538 |
| കാസറഗോഡ് | 2,61,82,115/- | 7,70,20,513 | ചിലവഴിച്ചിട്ടില്ല. |

Section officer